| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനഞ്ചാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1192 | 03.12.2015-ൽ മറുപടിക്ക് |

**ചാത്തന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് കെട്ടിട നിർമ്മാണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ അടിസ്ഥാന സൗകര്യമില്ലായ്മയും ക്ലാസ് മുറിയുടെ അഭാവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ടുള്ള അപേക്ഷയും വിശദമായ എസ്റ്റിമേറ്റും ലഭിച്ചിരുന്നോ; | (ബി) & (സി) | ചാത്തന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ വൊക്കേഷണൽ വിഭാഗത്തിനായുള്ള കെട്ടിട നിർമ്മാണത്തിന്റെ അപേക്ഷയും വിശദമായ എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി 400 ലക്ഷം രൂപ മാത്രമേ ബജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ പ്രസ്തുത സ്കൂളിലെ വൊക്കേഷണൽ വിഭാഗത്തിനായുള്ള കെട്ടിട നിർമ്മാണാവശ്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്. |
| (സി) | പ്രസ്തുത അപേക്ഷയിന്മേൽ അനുകൂല നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ? | | |

സെക്ഷൻ ഓഫീസർ